# എ.കെ.ജി.സി.ടി.

## സംസ്ഥാന പ്രവർത്തകസമിതി യോഗം, SWC 4/2018.

## 22-09-2018 എ.കെ.ജി.സി.ടി.ഭവൻ.

## മിനട്സ്.

**അജണ്ട:**

1. അനുശോചനം
2. റിപ്പോർട്ട്
3. പ്രവർത്തകക്യാമ്പ് / സ്റ്റേറ്റ് കൗൺസിൽ/ സംസ്ഥാനസമ്മേളനം
4. സാലറി ചാലഞ്ച് ക്യാമ്പയിൻ
5. സെനറ്റ് ഇലക്ഷൻ
6. സർവകലാശാല വിഷയങ്ങൾ
7. സംഘസമ്പദ്, എം.ബി.റ്റി., വനിതാ സബ്കമ്മിറ്റി, എ.സി.എസ്.ആർ., സർവീസ് സെൽ, എം.ബി.ടി., വനിതാസബ്കമ്മിറ്റി, അക്കാദമിക് കമ്മിറ്റി
8. മറ്റുവിഷയങ്ങൾ

സംസ്ഥാന പ്രസിഡന്റ് ഡോ.എൻ.മനോജിന്റെ അദ്ധ്യക്ഷതയിൽ രാവിലെ 10 മണിക്ക് യോഗം ആരംഭിച്ചു

**ഹാജർ:** ഡോ.എൻ.മനോജ്, ഡോ.കെ.കെ.ദാമോദരൻ, ഡോ.ഗീതനമ്പ്യാർ, ഡോ.ബി.കേരളവർമ്മ, ഡോ.ആർ. പ്രഗാഷ്, ഡോ.എം.സത്യൻ (കോഴിക്കോട്), സന്തോഷ് ടി. വർഗ്ഗീസ്, ചന്ദ്രമോഹനൻ കെ.ടി. ഡോ.എം.സത്യൻ (പാലക്കാട്), ഡോ.സുനിൽ വി.ടി., ഡോ.വിനുഭാസ്കർ, സൗമ്യ.എസ്.,ഡോ.കെ.അബ്ദുൾറഷീദ്, ഡോ.കെ.മാണിക്യരാജ്, അബ്ദുൾ റിയസ് കെ, ഡോ.പ്രിൻസ് പി.ആർ., സെനോ ജോസ് ഡോ.റിജുലാൽ.ജി., ഡോ.ജോജോമോൻ എൻ.എ., ഡോ.സഞ്ജയ്കുമാർ എസ്., ഡോ.എം.എസ്.മുരളി. ഡോ. മുഹമ്മദ് അലി അസ്കർ, ഡോ.സുമിജോയി ഓലിയപ്പുറം, ഡോ.ആനന്ദ് ദിലീപ് രാജ് , രാജു.എം.സി., ഡോ.ആർ.സുരേഷ് കുമാർ, ഡോ. അനൂപ് ജെ ആലക്കപ്പള്ളി., സജിത് കുമാർ.പി. ഡോ. മുഹമ്മദ് റഫീക്.ടി, പ്രീത പ്രഭാസൻ, ജയകൃഷ്ണൻ.ടി.വി. ഡോ.സി.സി.ബാബു, രഘുദാസ്.പി.വി., ഡോ.ഗ്രേഷ്യസ് ജെയിംസ്.

**അനുശോചനം:** കേരളത്തെ വെള്ളത്തിൽ മുക്കിയ പ്രളയത്തിൽ മരണപ്പെട്ട 483 ആളുകൾ, വർഗ്ഗീയവാദികൾ കുത്തികൊലപ്പെടുത്തിയ മഹാരാജാസ് കോളേജിലെ വിദ്യാർത്ഥി അഭിമന്യു, യു.എൻ. മുൻ സെക്രട്ടറി ജനറൽ കോഫി അന്നൻ, മുൻപ്രധാനമന്ത്രി എ.ബി.വാജ്പേയി,ലോക്സഭാ മുൻ സ്പീക്കർ സോമനാഥ് ചാറ്റർജി, തമിഴ്നാട് മുൻ മുഖ്യമന്ത്രി ഡോ.എം.കരുണാനിധി, ഗസൽ ഗായകൻ ഉമ്പായി(പി.എ.ഇബ്രാഹിം), സാംസ്കാരിക പ്രവർത്തകനും എ.കെ.പി.സി.ടി.എ. മുൻ നേതാവുമായിരുന്ന പ്രൊഫ.എം.മുരളീധരൻ, മുൻമന്ത്രി ചെർക്കളം അബ്ദുള്ള, തൊഴിലാളി നേതാവ് വി.ആർ.ഭാസ്കരൻ, വിഖ്യാത സാഹിത്യകാരനും നേബേൽ-ബുക്കർ ജേതാവുമായിരുന്ന വി.എസ്.നയ്പോൾ, മാർക്സിസ്റ്റ് ചിന്തകൻ സമീർ അമിൻ, കേരള സംഗീതനാടക അക്കാദമി അവാർഡ് ജേതാവ് കാഥികൻ വയലാർ ബാബുരാജ്, പ്രശസ്ത എഴുത്തുകാരനും ചരിത്രകാരനുമായ ടി.എച്ച്.പി. ചെന്താരശ്ശേരി, ചലച്ചിത്ര സംവിധായകനും പൂണെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുമായിരുന്ന ജോൺ ശങ്കരമംഗലം, ആർ.എസ്.എസ്സുകാർ കുത്തികൊലപ്പെടുത്തിയ സി.പി.എം. സൊങ്കാൽ ബ്രാഞ്ചംഗം അബുസിദ്ദിഖ്, പെൻബുക്സ് ഉടമ പോളി കെ. അയ്യമ്പിള്ളി, മുൻ മേഘാലയ ഗവർണറായിരുന്ന എം.എം.ജേക്കബ്, വയലാർ സമരസേനാനി ബി.വി.പ്രഭാകരൻ, സിനിമാനടൻ ക്യാപ്റ്റൻ രാജു എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്:** ജൂൺ 27 HECI കൊണ്ടുവരുന്നതിനുള്ള നിയമം MHRD വെബ്സൈറ്റിൽ വന്നു. ജൂലൈ 5ന് ഇതിനെതിരായി രാജ്ഭവൻ മാർച്ച് നടന്നു. മുൻ രാജ്യസഭാ എം.പി. ശ്രീ.കെ.എൻ.ബാലഗോപാൽ പ്രസ്തുത മാർച്ച് ഉദ്ഘാടനം ചെയ്തു. ജൂലൈ 19 ന് സംസ്ഥാനത്തെ എല്ലാ ക്യാമ്പസുകളിലും പ്രതിഷേധദിനാചരണം നടത്തി. അഖിലേന്ത്യാതലത്തിൽ ഓഗസ്റ്റ് 3 ന് പാർലമെന്റ് മാർച്ച് നടത്തി. സംഘടനയിലെ 14 പേർ പങ്കെടുത്തു. പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിൽ നിയമമാക്കുമെന്ന് കേന്ദ്ര സർക്കാർ പറഞ്ഞിരുന്നെങ്കിലും നടന്നില്ല. പ്ലെയ്സ്മെന്റ് കാര്യത്തിൽ ജൂലൈ 17ന് (സ്പെഷ്യൽ ലീവ് പെറ്റീഷൻ) വന്ന കോടതി വിധിയിൽ 23.02.2016 വരെ നൽകിയ പ്ലെയ്സ്മെന്റുകൾ, പ്രൊമോഷനുകൾ, നിയമനങ്ങൾ തുടങ്ങിയവ പുന:പരിശോധിക്കേണ്ടതില്ല എന്നാണ്. ജൂലൈ 18ന് വന്ന യു.ജി.സി.യുടെ ഏഴാം ശമ്പളപരിഷ്കരണ റിപ്പോർട്ടിൽ എ.പി.ഐ. പരമാവധി വിട്ടുവീഴ്ച നടത്തി പ്രസ്തുത ഉത്തരവിറങ്ങിയ തീയ്യതിവരെ അവധിയായ പ്ലേയ്സ്മെന്റുകൾ നൽകാൻ നിർദേശമുണ്ട്. ജൂലൈ 27ന് പ്രസിഡന്റും ജനറൽ സെക്രട്ടറിയും പ്ലെയ്സ്മെന്റ് നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് പ്രിൻസിപ്പൽ സെക്രട്ടറിക്ക് കത്തു നൽകി. സംഘടനാ നേതൃത്വവുമായി വിശദമായ ചർച്ചയ്ക്ക് ശേഷം കോളേജിയേറ്റ് എജ്യൂക്കേഷൻ ഡയറക്ടർ പേയ്സ്മെന്റ് സംബന്ധിച്ച പ്രപ്പോസൽ പ്രിൻസിപ്പൽ സെക്രട്ടറിക്ക് സമർപ്പിച്ചു. എന്നാൽ തുടർന്നുള്ള ദിവസങ്ങളിൽ കേരളത്തിൽ ഉണ്ടായ പ്രളയം മൂലം കാര്യങ്ങൾ വേണ്ടവിധം മുന്നോട്ട് പോയില്ല. ഉന്നത വിദ്യഭ്യാസ രംഗത്ത് പുതിയ മന്ത്രി വന്ന ശേഷം മന്ത്രിയെ കാണുകയും

അടിയന്തരമായി പ്ലെയിസ്മെന്റ് നടത്താൻ നടപടി സ്വീകരിക്കണമന്നാവശപ്പെട്ടുകയും ചെയ്ത് ധനകാര്യവകുപ്പ് മന്ത്രിയുമായി കാണുന്നതിന് ആവശ്യമായ കുറിപ്പ് നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രളയക്കെടുതിയിൽ സംസ്ഥാനത്ത് വിവരണാതീതമായ നഷ്ടമാണ് ഉണ്ടായത്. മുഖ്യമന്ത്രി ആവശ്യപ്പെട്ട സഹായം നൽകാൻ ശക്തമായ പിന്തുണ എ.കെ.ജി.സി.ടി. നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സെപ്റ്റംബർ 12 ന് സംഘടന ആറുലക്ഷം രൂപ അംഗങ്ങളിൽ നിന്ന് സമാഹരിച്ച് നൽകുകയുണ്ടായി. പ്രളയത്തിൽ മൂന്നാർ കോളജ് പൂർണമായി നഷ്ടപ്പെട്ട അവസ്ഥയിലാണ്. സെപ്തംബർ 1ന് ജനറൽ സെക്രട്ടറിയും പ്രസിഡന്റും സംസ്ഥാന വൈസ് പ്രസിഡന്റും ഡോ.ബി.കേരളവർമ്മയും മേഖലാ സെക്രട്ടറി സന്തോഷ് ടി. വർഗ്ഗീസും കോളേജ് സന്ദർശിച്ചു. പ്രളയത്തിൽ കോളേജ് പൂർണ്ണമായും തകർന്നിരിക്കുകയാണ്. അന്നേദിവസം മൂന്നാറിൽ നടന്ന അവലോകന യോഗത്തിൽ എ.കെ.ജി.സി.ടി. നേതൃത്വം പങ്കെടുക്കുകയുണ്ടായി. സംഘടനയുടെ ക്രിയാത്മകമായ ഇടപെടലിന്റെ ഭാഗമായി ക്ലാസുതുടങ്ങാനുള്ള താൽകാലിക സംവിധാനം ഏർപ്പെടുത്തി. പുതിയ സ്ഥലത്ത് കോളേജ് നിർമ്മിക്കുന്ന വേളയിൽ എ.കെ.ജി.സി.ടി നിർണ്ണായകമായ പങ്കുവഹിക്കേണ്ടതുണ്ട്. കോഴിക്കോട് സെനറ്റ് ഇലക്ഷനിൽ ഗവ. കോളേജ് മണ്ഡലത്തിൽ 5 പേരെ മത്സരിപ്പിച്ചിരുന്നു. ഡോ.എം.സത്യൻ. ഡോ. റിജുലാൽ, ഡോ.സഞ്ജയ് കുമാർ എസ്. ശ്രീമതി.സോണിയ ഇ.പ. എന്നീ 4 പേരെ വിജയിപ്പിക്കാൻ കഴിഞ്ഞു. പ്രിൻസിപ്പൽ മണ്ഡലത്തിൽ നിന്നുള്ള ഇലക്ഷൻ ഇനിയും വൈകും എന്ന് അറിയുന്നു. ഐഫക്ടോ അക്കാദമിക് കോൺഫറൻസ് നവംബർ 23 മുതൽ 25 വരെ കന്യാകുമാരിയിൽ വെച്ച് നടക്കും . കാസർഗോഡ് കേന്ദ്രസർവ്വകലാശാലയിൽ കള്ളക്കേസിൽ കുടുക്കി ജയിലലടക്കപ്പെട്ട നാഗരാജു എന്ന വിദ്യാർഥിയെ അനുകൂലിച്ച് ഫേസ്ബുക്കിൽ പോസ്റ്റിട്ട അധ്യാപകൻ ഡോ.പ്രസാദ് പന്ന്യനെ വകുപ്പദ്ധ്യക്ഷ സ്ഥാനത്ത് നിന്ന് നീക്കം ചെയ്തതിനെതിരെ സംഘടന പ്രതിഷേധിച്ചു . കാലിക്കറ്റ്, കേരളാ സർവകലാശാലകളുടെ പ്രവർത്തനം ഇടതുപക്ഷ സിൻഡിക്കേറ്റിന്റെ കാര്യമായ ഇടപെടലിനെ തുടർന്ന് നല്ല രീതിയിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. തുടർന്ന് ജില്ലാ റിപ്പോർട്ടിംഗും വിശദമായ ചർച്ചയും നടന്നു.

**തീരുമാനങ്ങൾ**

1. സംസ്ഥാന പ്രവർത്തകക്യാമ്പ് നവംബർ 17, 18 തീയതികളിൽ കൊല്ലത്ത് നടത്താൻ തീരുമാനിച്ചു. പ്രവർത്തകക്യാമ്പിനോടനുബന്ധിച്ച് സംസ്ഥാന കൗൺസിൽ ചേരാനും തീരുമാനിച്ചു
2. സംസ്ഥാന സമ്മേളനം എറണാകുളത്ത് നടത്താൻ തീരുമാനിച്ചു.
3. സാലറി ചാലഞ്ചുമായി ബന്ധപ്പെട്ട് എ.കെ.ജി.സി.ടി.അംഗങ്ങളുടെ ഇടയിൽ ക്യാമ്പയിൻ നടത്തണം.
4. യൂണിറ്റ് സന്ദർശനവും മെമ്പർഷിപ്പ് പ്രവർത്തനവും എത്രയും വേഗം പൂർത്തീകരിക്കണം.
5. സർവീസ് സെല്ലിന്റേയും വനിതാ സബ്കമ്മിറ്റിയുടേയും പ്രവർത്തനം കൂടുതൽ വിപുലീകരിക്കാൻ തീരുമാനിച്ചു.
6. സംഘശബ്ദം വജ്രജൂബിലി പതിപ്പ് സെപ്റ്റംബർ മാസം അവസാനത്തോടെ പുറത്തിറക്കാൻ തീരുമാനിച്ചു.
7. ഐഫക്ടോ അക്കാദമിക് സെമിനാറിൽ സംസ്ഥാന ഭാരവാഹികൾ (9) കൂടാതെ ഓരോ ജില്ലയിൽ നിന്നും രണ്ടുപേർ (മിനിമം) പങ്കെടുക്കണം
8. മൂന്നാർ കോളേജിന് ഒരു കെട്ടിടം നിർമിക്കാൻ സംഘടന ഫണ്ട് കണ്ടെത്തണം. അത് പ്ലെയ്സ്മെന്റ് കുടിശ്ശികയിൽ നിന്നോ ശമ്പള പരിഷ്കരണ കുടിശ്ശികയിൽ നിന്നോ സമാഹരിക്കണം.

യോഗം വൈകിട്ട് 4.30ന് അവസാനിച്ചു

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
22-09-2018

ഡോ.കെ.കെ.ദാമോദരൻ
ജനറൽ സെക്രട്ടറി